# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 620 · 28.10.2011 ൽ മറുപടിയ്ക്ക്**

## അന്വേഷണ കമ്മീഷനുകളുടെ പ്രവർത്തനം

**ചോദ്യം**

**ശ്രീ. പി. റ്റി. എ. റഹീം:**
**ശ്രീ. കോടിയേരി ബാലകൃഷ്ണൻ:**
**ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):**
**ശ്രീ. റ്റി. വി. രാജേഷ്:**

(എ) സർക്കാർ നിയോഗിച്ച ഏതെല്ലാം അന്വേഷണ കമ്മീഷനുകളാണിപ്പോഴും പ്രവർത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ; ഏതെങ്കിലും അന്വേഷണ കമ്മീഷനെ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ: എങ്കിൽ ഏത് കമ്മീഷനെയാണെന്നും, സാഹചര്യം എന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ:

**മറുപടി**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അന്വേഷണ കമ്മീഷനുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

15-11-2009-ൽ കാസർഗോഡ് നടന്ന അക്രമ സംഭവങ്ങളെക്കുറിച്ചും പോലീസ് വെടിവെയ്പിനെക്കുറിച്ചും അന്വേഷിക്കുന്നതിന് നിയമിച്ചിരുന്ന ശ്രീ. എം.എ. നിസ്സാർ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കാസർഗോഡ് പോലീസ് വെടിവെയ്പിൽ മരണമടഞ്ഞ മുഹമ്മദ് ഷെഫീക്കിന്റെ പിതാവ് ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 11304/ 2010 നമ്പർ റിട്ട് ഹർജ്ജി (സിവിൽ)-യിൽ 24/09/2010 -ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ കാസർഗോഡ് പോലീസ് സ്റ്റേഷനിലെ ക്രൈം. നം. 85/2010 എന്ന കേസിന്റെ അന്വേഷണം സി.ബി.ഐയ്ക്ക് കൈമാറുന്നതിനും ഹർജ്ജിക്കാരന് അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം നല്കുന്നതിനും ഉത്തരവിട്ടിരുന്നു. പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത അപ്പീൽ പിൻവലിയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചു. കാസർഗോഡ് വെടിവയ്പ് സംബന്ധിച്ച് സി.ബി.ഐ അന്വേഷണം നടത്തുമ്പോൾ അന്വേഷണകമ്മീഷന്റെ തുടർന്നുള്ള പ്രവർത്തനം ആവശ്യമില്ലെന്ന് കണ്ടതി

നാലാണ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചത്.

(ബി) പിൻവലിക്കാൻ തീരുമാനിച്ച കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തായിരുന്നു;

(ബി) പിൻവലിച്ച അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് താഴെപ്പറയും പ്രകാരമായിരുന്നു.

(1) To enquire into the facts and circumstances which led to the incidents at Kasaragod Town on 15th November, 2009, resulting in police firing, death of two persons and damage to properties.

(2) To enquire whether there was any involvement of outside persons in precipitating the incidents.

(3) To enquire whether the firing resorted to by the police on 15th November, 2009 at Kasaragod Town was justified, and, if not, the person or persons responsible.

(4) To look into such other aspects as are incidental to and arising out of the matter.

(സി) ഏത് സംഭവത്തെ തുടർന്നായിരുന്നു കമ്മീഷൻ നിയോഗിക്കപ്പെട്ടിരുന്നത്;

(സി) 15-11-2009-ൽ കാസർഗോഡ് പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് മുസ്ളീം ലീഗ് സംസ്ഥാന നേതാക്കൾക്കു നല്കിയ സ്വീകരണ ചടങ്ങിനിടെ ഉണ്ടായ സംഘർഷത്തിൽ ഒരാൾ കുത്തേറ്റ് മരണപ്പെടുകയും മറ്റ് രണ്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പോലീസ് ഗ്രനേഡും ലാത്തിച്ചാർജ്ജും പ്രയോഗിച്ചിട്ടും ജനക്കൂട്ടം പിരിഞ്ഞുപോകാത്തതിനാൽ കൂടുതൽ ജീവനും സ്വത്തിനും അപകടം വരാതിരിക്കാനും ആത്മരക്ഷാർത്ഥവും ജില്ലാ പോലീസ് സൂപ്രണ്ട് വെടിവയ്ക്കുകയും വെടിവയ്പിൽ ഒരാൾ മരണമടയുകയും ചെയ്തു. മേൽ സംഭവങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നതിനായിരുന്നു ശ്രീ. എം.എ. നിസ്സാർ അന്വേഷണ കമ്മീഷനെ നിയമിച്ചിരുന്നത്.

(ഡി) കമ്മീഷനെ പിൻവലിച്ചുകിട്ടുന്നതിന് സർക്കാരിന് ലഭിച്ച ശുപാർശകൾ എന്തെല്ലാമായിരുന്നു?

(ഡി) 26-07-2011-ൽ ചേർന്ന സംസ്ഥാന മന്ത്രി സഭാ യോഗമാണ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചത്.

കാസർഗോഡ് വെടിവയ്പ്പ് സംബന്ധിച്ച് സി.ബി.ഐ അന്വേഷണം നടത്തുമ്പോൾ അന്വേഷണ കമ്മീഷന്റെ തുടർന്നുള്ള പ്രവർത്തനം ആവശ്യമില്ലെന്നു കണ്ടതിനാലാണ് കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്.

സെക്ഷൻ ഓഫീസർ